**ആർ. വിജയമോഹനൻ**
ജില്ലാ പ്രോജക്ട് ഓഫീസർ
പത്തനംതിട്ട

ജില്ലാ പ്രോജക്ട് ഓഫീസറുടെ കാര്യാലയം
**സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ)**
പത്തനംതിട്ട, തിരുവല്ല, പിൻ-689101
E-mail- ssapta03@gmail.com
Tel: 0469 2600167

---

**ജില്ലാ പ്രോജക്ട് ഓഫീസറുടെ നടപടിക്രമം**
**എസ്.എസ്.എ പത്തനംതിട്ട @ തിരുവല്ല**
**ഹാജർ: ശ്രീ. ആർ. വിജയമോഹനൻ**

വിഷയം : എസ്.എസ്.എ-പത്തനംതിട്ട-2017-18 വർഷത്തെ സ്കൂൾഗ്രാന്റ് വിതരണം -തുക അനുവദിയ്ക്കുന്നത് -സംബന്ധിച്ച്.

സൂചന : 1) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ പി 3-1655/2017 എസ്.എസ്.എ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ബി /34/2017/എസ്.എസ്.എ തീയതി 24-05-2017**

പത്തനംതിട്ടയിലെ ബി.ആർ.സികളുടെ പരിധിയിലുള്ള സ്കൂളുകളിൽ 2017-18 വർഷത്തെ സ്കൂൾ ഗ്രാന്റ് വിതരണത്തിനായി തുക അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

2017-18 വർഷത്തെ സ്കൂൾ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളുമാണ് സ്കൂൾഗ്രാന്റിന് അർഹതയുള്ളവർ. എൽ.പി വിഭാഗത്തിന് യൂണിറ്റൊന്നിന് 5000/- രൂപയും, യു.പി വിഭാഗത്തിന് യൂണിറ്റൊന്നിന് 7000/- രൂപയും അനുവദിക്കേണ്ടതാണ്. എൽ.പി, യു.പി വിഭാഗങ്ങളുള്ള സ്കൂളിന് 12000/- രൂപ അനുവദിക്കാവുന്നതാണ്.

2) ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്ന സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദപരമായ ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഉച്ചഭക്ഷണം പാകം ചെയ്യുന്നതിന് പാചകവാതക കണക്ഷന് സ്കൂൾഗ്രാന്റ് ഉപയോഗിക്കണം. ജില്ലയിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും പാചകവാതക കണക്ഷൻ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇത് സഹായകമാകുകയും വേണം.

3) പാചകവാതക കണക്ഷന് ആവശ്യമായ തുക വിനിയോഗിച്ച ശേഷമുള്ള തുക ഗണിതാന്തരീക്ഷമൊരുക്കൽ, ശാസ്ത്രവിസ്മയചുമർ, ഇംഗ്ലീഷ് മാജിക്ക് വാൾ, ഭാഷാപഠനഗാലറി, സാമൂഹ്യശാസ്ത്ര മ്യൂസിയം, വിദ്യാലയശുചിത്വ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

തുക വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ്കൂളുകൾക്ക് തുക അനുവദിക്കുന്നതോടൊപ്പം നൽകേണ്ടതാണ്. സ്കൂൾഗ്രാന്റ് ഫലപ്രദമായി വിനിയോഗിച്ചുവെന്ന് ബി.പി.ഒമാർ ഉറപ്പുവരുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റുകൾ സൂക്ഷിക്കേണ്ടതുമാണ്.

District Project Office
Pathanamthitta
Thiruvalla
689101
Sarvashiksha Abhiyan

**ജില്ലാ പ്രോജക്ട് ഓഫീസർ**
എസ്.എസ്.എ, പത്തനംതിട്ട

പകർപ്പ്

എല്ലാ ബി.പി.ഒമാർക്കും